## കേരള സർക്കാർ

### സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം ചെലവഴിച്ച 3,42,203/-രൂപയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

### തദ്ദേശ സ്വയം ഭരണ (എ ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.3349/2016/തസ്വഭവ തിരുവനന്തപുരം,തിയതി 08/12/2016

പരാമർശം : 1. വണ്ടൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15/01/2016 തീയതിയിലെ എ 7-4467/15 നമ്പർ കത്ത്, 07/09/16 തീയതിയിലെ എ 2 -717/16 നമ്പർ കത്ത്
2. പഞ്ചായത്ത് ഡയറക്ടറുടെ 27/05/2016 തീയതിയിലെ എം3- 13707/16 നമ്പർ കത്ത്
3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 25/10/2016 തീയതിയിലെ കെ.എസ്സ്.എ-7366/പി.റ്റി3/16 നമ്പർ കത്ത്

### ഉത്തരവ്

മലപ്പുറം ജില്ലയിലെ വണ്ടൂർ ഗ്രാമപഞ്ചായത്തിൽ 2011-12 വർഷം മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 'രോഗപ്രതിരോധ ചികിത്സാ പരിപാടി', 'സമഗ്ര പകർച്ച വ്യാധി നിയന്ത്രണ രോഗപ്രതിരോധ ബോധവൽക്കരണ പരിപാടി' എന്നീ പദ്ധതികൾക്ക് ആകെ ചെലവായ 3,42,203/-രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2011-12, 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗം സംബന്ധിച്ച പുതുക്കിയ മാർഗ്ഗരേഖയ്ക്ക് [G.O(MS) No.300/2010/തസ്വഭവ തീയതി 10/12/2010] വിരുദ്ധമായി പകർച്ചവ്യാധികൾ തടയുന്നതിനും രോഗപ്രതിരോധ പ്രവർത്തനങ്ങൾക്കുമായി മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിച്ചതിനാലാണ് 3,42,203/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2) വിദ്യാഭ്യാസപരമായും സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, നിർധന ജനങ്ങൾ വളരെയധികം അധിവസിക്കുന്ന വണ്ടൂർ ഗ്രാമപഞ്ചായത്തിലെ പാവപ്പെട്ട ജനങ്ങൾക്ക് പ്രയോജനപ്പെടും വിധം പ്രസ്തുത പ്രദേശങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾ കണക്കിലെടുത്ത് പകർച്ച വ്യാധികൾ തടയുന്നതിനും പകർച്ചവ്യാധികൾക്കെതിരെ പ്രതിരോധ നടപടികൾ കൈക്കൊള്ളുക എന്നീ സദുദ്ദേശങ്ങളോടെയുമാണ് ഈ പദ്ധതികൾക്ക് രൂപം കൊടുത്തതെന്നും ഇതോടനുബന്ധിച്ച് മരുന്നു വാങ്ങൽ, ഉപകരണങ്ങൾ ലഭ്യമാക്കൽ എന്നീ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ആയത് പഞ്ചായത്തിലെ ജനങ്ങൾക്ക് അങ്ങേയറ്റം പ്രയോജനപ്രദമായിട്ടുണ്ടെന്നും പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ

പൂർത്തീകരിച്ചിട്ടുണ്ടെന്നും സൂചന ഒന്ന് കത്ത് പ്രകാരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗരേഖകൾ/ഉത്തരവുകൾ/സർക്കുലറുകൾ എന്നിവ കർശനമായി പാലിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ പദ്ധതി നിർവ്വഹണം നടത്തുകയാണെങ്കിൽ അനുവദനീയമല്ലാത്ത ചെലവിന് സർക്കാർ സാധൂകരണം തേടുന്നത് ഒഴിവാക്കാനാവുമെന്നും പരാമർശിത പ്രോജക്ടുകൾ രോഗപ്രതിരോധ രംഗത്ത് ഫലപ്രദമായിട്ടുണ്ടെന്ന് ഭരണസമിതിയ്ക്ക് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ചെലവിന് സാധൂകരണം നൽകുന്നതിനോ കുറ്റം മാപ്പാക്കുന്നതിനോ സർക്കാരിന് തീരുമാനമെടുക്കാമെന്നും പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ മറുപടി, സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടറുടെ മറുപടി, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശുപാർശ എന്നിവ കണക്കിലെടുത്തും പരാമർശിത പദ്ധതികൾ നടപ്പിലാക്കിയതു വഴി രോഗപ്രതിരോധ രംഗത്ത് ഫലപ്രദമായ മാറ്റം ഉണ്ടായിട്ടുണ്ടെന്നുള്ള പഞ്ചായത്ത് കമ്മിറ്റിയുടെ വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും വണ്ടൂർ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട്ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.17 പ്രകാരം ചെലവഴിച്ച 3,42,203/- രൂപയുടെ ചെലവിന് സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു എ ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, വണ്ടൂർ ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ